നം. ജെ. 1366/2021

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ.പി.ഒ.,
തിരുവനന്തപുരം-3
തീയതി : 28/10/2021.

## ടെണ്ടർ നോട്ടീസ്

തിരുവനന്തപുരം കവടിയാറിൽ പ്രവർത്തിക്കുന്ന കേരള കാർഷികവികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള മാധ്യമ സ്ഥാപനമായ ഫാം ഇൻഫർമേഷൻ ബ്യൂറോ 2021 ഡിസംബർ 2 മുതൽ 4 വരെ ഗോവയിൽ വച്ച് നടക്കുന്ന **"ആഗ്രോ ഓർഗാനിക് ഇൻഡ്യ എക്സ്പോ 2021"** ൽ സ്റ്റാൾ തയ്യാറാക്കി പങ്കെടുക്കുന്നുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സ്റ്റാൾ സജ്ജീകരിക്കുന്നതിനും ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കുന്ന ആശയങ്ങളും തീമുകളും ഫോട്ടോകളും അടിസ്ഥാനപ്പെടുത്തി ലോഗോകളും ബോർഡുകളും സ്ഥാപിക്കുന്നതിനുമായി പവലിയൻ / സ്റ്റാളുകളുകളുടെ നിർമ്മാണം ഏറ്റെടുത്ത് ചെയ്തിട്ടുള്ള പ്രഗത്ഭരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് സമർപ്പിക്കുന്ന കവറുകളിലായി **"ആഗ്രോ ഓർഗാനിക് ഇൻഡ്യ എക്സ്പോ 2021" ൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സ്റ്റാൾ സജ്ജീകരിക്കുന്നതിനും കമനീയമായി മോടി പിടിപ്പിക്കുന്നതിനുമായുള്ള പ്രവൃത്തികൾക്കുള്ള ടെൻഡർ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

| | | |
|---|---|---|
| അടങ്കൽ തുക | - | 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) |
| നിരതദ്രവ്യം (E.M.D) | - | 3,750 /- രൂപ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ. പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | | |
| അസ്സൽ | - | 300/- രൂപ +GST (12%) |
| ഡ്യൂപ്ലിക്കേറ്റ് | - | 150/- രൂപ +GST (12%) |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും, സമയവും | - | 22.11.2021 വൈകുന്നേരം 5 മണി വരെ |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | - | 23.11.2021 ഉച്ചയ്ക്ക് 12 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും, സമയവും | - | 23.11.2021 ഉച്ചയ്ക്ക് 2 മണി |

## നിബന്ധനകൾ

1. അനുവദിച്ചിരിക്കുന്ന സ്റ്റാളിന് '9m x 3m' വലുപ്പമാണ് ഉള്ളത്.
2. സ്റ്റാൾ കമനീയമായി മോടിപിടിപ്പിക്കുന്നതിനായി ആവശ്യമായ സാധനങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിലും ചുമതലയിലും ശേഖരിക്കേണ്ടതാണ്.
3. ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും ലഭ്യമാക്കുന്ന ആശയങ്ങളുടെയും തീമുകളുടെയും അടിസ്ഥാനത്തിൽ ലോഗോകളും ബോർഡുകളും തയ്യാറാക്കി സ്റ്റാളിൽ അനുയോജ്യമായ രീതിയിൽ സ്ഥാപിക്കേണ്ടതാണ്.
4. സ്റ്റാളിനുള്ളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും ലഭ്യമാക്കുന്ന ഫോട്ടോകൾ പ്രദർശിപ്പിക്കേണ്ടതാണ്.
5. സ്റ്റാളിനുള്ളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ ലഭ്യമാക്കുന്ന ബ്രോഷറുകൾ, ബുക്ക് ലെറ്റുകൾ പ്രസിദ്ധീകരണങ്ങൾ എന്നിവ വയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.
6. വിവിധസ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.
7. സ്റ്റാളിനുള്ളിൽ ആവശ്യമായ ദീപ ശബ്ദ സംവിധാനം ഒരുക്കേണ്ടതാണ്.
8. സ്റ്റാളിനുള്ളിൽ ഒരു LED TV (42") (U S B സംവിധാനത്തോടുകൂടിയത്) ലഭ്യമാക്കേണ്ടതാണ്. കൂടാതെ നെറ്റ് വർക്ക്, ലാപ്പ് ടോപ്പ് എന്നിവും ഒരുക്കേണ്ടതാണ്.
9. ഫാം ഇൻഫർമേഷൻ ബ്യൂറോ സ്റ്റാളിനുള്ളിൽ ഉപയോഗിക്കുന്ന ലൈറ്റുകളുടെ വാടക, വൈദ്യുത ചാർജ്ജ് എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്.
10. എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലാണ് നിർവ്വഹിക്കേണ്ടത്.
11. **നിർമ്മാണത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.**
12. ടെഡർ സ്ഥിരപ്പെടുത്തുന്ന കരാറുകാരൻ ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി 200/-രൂപയുടെ മുദ്രപത്രത്തിൽ ധാരണപത്രം ഒപ്പിടേണ്ടതാണ്.
13. സ്റ്റാൾ സജ്ജീകരണത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ക്യാമ്പയിൻ ഓഫീസർ എന്നവർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്തും നിദ്ദേശിക്കേണ്ട ഭേദഗതികൾ വരുത്തേണ്ടതുമാണ്.
14. സ്റ്റാൾ ഒരുക്കുന്നതിൽ വിലയിരുത്തൽ നടത്തുമ്പോൾ കുറവുകളോ അപാകതകളോ ഉണ്ടാകുന്ന പക്ഷം പേയ്മെന്റിൽ ആനുമാതികമായി കുറവ് വരുത്തുന്നതാണ്.
15. കാരണം കാണിക്കാത തന്നെ ദർഘാസുകൾ നിരസിക്കുന്നതിനും വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും റദ്ദു ചെയ്യുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. സാധാരണ സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.
17. കരാറുകാരൻ ടിയാന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പാൻ കാർഡ് പകർപ്പ്, GST വിവരങ്ങൾ എന്നിവ പേയ്മെന്റ് ലഭ്യമാക്കുന്നതിനായി സമർപ്പിക്കേണ്ടതാണ്.

FARM INFORMATION BUREAU KOWDIAR P.O. THIRUVANANTHAPURAM

Sd/-

Principal Information Officer
Farm Information Bureau
Kowdiar, Thiruvananthapuram-695 003

**കേരള സർക്കാർ**
**കാർഷികവികസന കർഷകക്ഷേമ വകുപ്പ്**
**ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം**

**"ആഗ്രോ ഓർഗാനിക് ഇൻഡ്യ എക്സ്പോ 2021" ൽ സ്റ്റാൾ ഒരുക്കുന്നതിനും മോടി പിടിപ്പിക്കുന്നതിനുമുള്ള ദർഘാസ് പരസ്യം**

ജെ. 1366/2021 — തീയതി : 28/10/2021

| | | |
|---|---|---|
| അടങ്കൽ തുക | - | 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) |
| നിരതദ്രവ്യം (E.M.D) | - | 3,750 /- രൂപ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ. പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | | |
| അസ്സൽ | - | 300/- രൂപ +GST (12%) |
| ഡ്യൂപ്ലിക്കേറ്റ് | - | 150/- രൂപ +GST (12%) |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാന തീയതിയും, സമയവും | - | 22.11.2021 വൈകുന്നേരം 5 മണി വരെ |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | - | 23.11.2021 ഉച്ചയ്ക്ക് 12 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും, സമയവും | - | 23.11.2021 ഉച്ചയ്ക്ക് 2 മണി |

28/10/2021

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

CAMPAIGN OFFICER
FARM INFORMATION BUREAU
THIRUVANANTHAPURAM-695003.

FARM INFORMATION BUREAU KAWDIAR P.O. THIRUVANANTHAPURAM 695003

adr/29/10/2021